LIBRARY ARCHIVES Kerala Legislative Assembly

## എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനം

55 (3780) ശ്രീ. റ്റി. യു കരുവിള :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എയ്ഡഡ് സ്കൂളുകളിലെ അദ്ധ്യാപക നിയമനങ്ങളിൽ എന്തെങ്കിലും നിയന്ത്രണങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) റിട്ടയർമെന്റ് ഉൾപ്പെടെ വരുന്ന ഒഴിവുകളിൽ യഥാസമയം അദ്ധ്യാപകരെ നിയമിക്കാത്തതിനാൽ ഇത്തരം സ്കൂളുകളുടെ നിലവാരം മെച്ചപ്പെടുത്താൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ ;

(സി) നിയമനാംഗീകാരത്തിനായി സമർപ്പിച്ച അപേക്ഷകളിൽ എപ്പോൾ തീരുമാനം എടുക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അദ്ധ്യാപക പാക്കേജും അദ്ധ്യാപക നിയമനങ്ങൾക്കുവേണ്ടി സർക്കാർ പുറപ്പെടുവിച്ച തസ്തിക നിർണ്ണയം സംബന്ധിച്ച ഉത്തരവുകളും ഉൾപ്പെടെ ബഹുമാനപ്പെട്ട , ഹൈക്കോടതി റദ്ദു ചെയ്ത സാഹചര്യത്തിൽ നിയമനങ്ങൾ സംബന്ധിച്ച ചില തടസ്സങ്ങൾ ഇപ്പോൾ ഉണ്ടായിട്ടുണ്ട്.

(ബി & സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. അദ്ധ്യാപകരുടെ നിയമനാംഗീകാരവും തസ്തിക നിർണ്ണയവും സംബന്ധിച്ച് പുതിയ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിന് തീരുമാനമായിട്ടുണ്ട്. അതനുസരിച്ചുള്ള ഉത്തരവുകൾ പുറപ്പെടുവിക്കുന്ന മുറയ്ക്ക് നിയമനാംഗീകാരം സംബന്ധിച്ച അപേക്ഷകൾ പരിശോധിക്കുവാൻ സാധിക്കുന്നതാണ്.

## സ്കൂൾ കോളേജ് ലൈബ്രറികൾ

56 (3782) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രമുഖ രാജ്യതന്ത്രജ്ഞനായിരുന്ന പനമ്പള്ളി ഗോവിന്ദമേനോനെ കുറിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരിച്ച 'പനമ്പള്ളി ഗോവിന്ദമേനോൻ ചരിത്രവഴിയിലെ ദീപശിഖ' എന്ന ജീവചരിത്ര ഗ്രന്ഥം സംസ്ഥാനത്തെ സ്കൂൾ-കോളേജ് ലൈബ്രറികളിൽ വാങ്ങണമെന്ന നിർദ്ദേശമുണ്ടായിട്ടും ബഹുഭൂരിപക്ഷവും വാങ്ങാത്തതിനെക്കുറിച്ച് അന്വേഷിക്കാമോ ;